നം.കെ.എസ്.എ-കെ.ടി.എം.പി12-1400/2019 തീയതി : 11.10.2019

# കോട്ടയം ജില്ലയിലെ പനച്ചിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകു ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ **പനച്ചിക്കാട്** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.3.19 മുതൽ 31.7.19 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവ 1.4.18 മുതൽ 31.7.19 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ച ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പര ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാ ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവര കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | **ശ്രീ.സാബു സി.ജോർജ്, ഡെപ്യൂട്ടി ഡയറക്ടർ** | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 29.8.2019 മുതൽ 5.9.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി ബീനാകുമാരി സി.ആർ. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീമതി സുനിത എം.എസ്. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി കൊച്ചുമോൾ എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ദർശന വി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി രഞ്ജു പ്രകാശ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

**ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.സുനിൽ കുമാർ | 01.04.18 മുതൽ 29.8.2019 വരെ |
| | ശ്രീ.സി.എൻ.സലി (ഇൻ ചാർജ്ജ്) | 30.8.18 മുതൽ 29.10.18 വരെ |
| | ശ്രീ.സുനിൽ കുമാർ | 30.10.18 മുതൽ 31.3.19 വരെ |
| സെക്രട്ടറി | ശ്രീ.അഗസ്റ്റിൻ കെ.ജോർജ്ജ് | 01.04.18 മുതൽ 31.05.2018 വരെ |
| | ശ്രീമതി അനിത എസ്. (ഇൻ ചാർജ്ജ്) | 01.06.18 മുതൽ 20.06.2018 വരെ |
| | ശ്രീ.ആനന്ദ് എം. | 21.06.18 മുതൽ 11.10.2018 വരെ |
| | | |

| | | |
|---|---|---|
| | ശ്രീമതി അനിത എസ്.(ഇൻ ചാർജ്ജ്) | 12.10.18 മുതൽ 29.10.2018 വരെ |
| | ശ്രീ.മിഥുൻ കൈലാസ് | 30.10.18 മുതൽ 3.11.2018 വരെ |
| | ശ്രീമതി അനിത എസ്.(ഇൻ ചാർജ്ജ്) | 4.11.18 മുതൽ 03.01.2019 വരെ |
| | ശ്രീമതി മായ ഡി. | 4.01.19 മുതൽ 31.03.2019 വരെ |

**മറ്റ് നിർവ്വഹണോദ്യോഗസ്ഥർ**

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി അനിത എസ്. | 01.04.18 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി റസിയ എ.സലാം | 01.04.18 മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി അന്നമ്മ ജോർജ്ജ് | 01.04.18 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.ബിന്ദു രാജ് | 01.04.18 മുതൽ 18.06.2018 വരെ |
| | ഡോ.സരിത തങ്കച്ചൻ | 21.06.18 മുതൽ 31.03.19 വരെ |
| വി.ഇ.ഒ | ശ്രീമതി ബിന്ദു എം.പി. | 01.04.18 മുതൽ 31.03.2019 വരെ |
| | ശ്രീമതി മായ ആർ. | 01.04.18 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.ലാൽ ആന്റണി | 01.04.18 മുതൽ 28.11.2018 വരെ |
| | ഡോ.ജോർജ്ജ് കുര്യൻ | 29.11.18 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി അഞ്ജലി അരവിന്ദ് | 01.04.18 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ഷേർളി അലക്സ് | 01.04.18 മുതൽ 30.09.2018 വരെ |
| | ശ്രീ.മനോഹരൻ | 01.10.18 മുതൽ 31.10.2018 വരെ |
| | ശ്രീമതി രേവതിക്കുട്ടി കെ.ആർ. | 01.11.18 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീ.മഹേഷ് പി.മോഹൻ | 01.04.18 മുതൽ 20.06.2018 വരെ |
| | ശ്രീമതി ഗ്രീഷ്മ എ.വി. | 21.06.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.ശ്രീജിത്ത്എസ്.പി. | 01.04.18 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ഖണ്ഡിക നം. | വിഷയം |
|---|---|
| ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട് | |
| 1-1 | ബജറ്റ് |
| 1-2 | ഫണ്ട് വിനിയോഗം |

| | |
|---|---|
| 1-3 | പദ്ധതി അവലോകനം |
| 1-4 | ക്യാഷ് വെരിഫിക്കേഷൻ |
| 1-5 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-7 | വാർഷിക കണക്കുകളുടെ പരിശോധനയും അവലോകനവും |
| 1-8 | വിവിധ ഫണ്ടുകളിലായി സർക്കാർ ധനസഹായം ഇനത്തിൽ ലഭിച്ച തുകയിൽ 1.05 കോടി രൂപ ലാപ്സായി |
| 1-9 | പൂവന്തുരുത്ത് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ സ്ഥാപനങ്ങളിൽ നിന്നും നികുതികൾ ഈടാക്കിയിട്ടില്ല |
| 1-10 | വസ്തുനികുതി -പ്യൂരിഫിക്കേഷൻ നടപടികൾ ഫലപ്രദമായില്ല |
| 1-11 | വസ്തുനികുതി നിർണ്ണയത്തിൽ അപാകതകൾ |
| 1-12 | തൊഴിൽ നികുതി-അസസ്മെന്റ്/ഈടാക്കൽ നടപടികളിൽ അപാകത |
| 1-13 | തൊഴിൽനികുതി ഈടാക്കിയിട്ടില്ല |
| 1-14 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ |
| 1-15 | ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും ഫാറങ്ങളും രജിസ്റ്ററുകളും വാങ്ങിയത്-ബിൽ പ്രകാരം ആവശ്യപ്പെട്ട തുകയുടെ കൃത്യത ഉറപ്പാക്കാതെ അധികം നൽകി |
| 1-16 | ലൈഫ് ഭവനനിർമ്മാണം(ജനറൽ)-ഭവനനിർമ്മാണം പൂർത്തിയാക്കാനവശേഷിക്കുന്നു |
| 1-17 | ഗവ.യു.പി.എസ്. വെള്ളുത്തുരുത്തി കെട്ടിടനിർമ്മാണം-അംഗീകരിച്ച അളവിൽ കൂടുതൽ കണക്കാക്കി തുക നൽകിയത്-ഓഡിറ്റിൽ അംഗീകരിക്കുന്നില്ല |
| 1-18 | 130-ാം നമ്പർ അങ്കണവാടിക്ക് കെട്ടിടനിർമ്മാണം-പിഴ ഈടാക്കിയതിൽ കുറവ് |
| 1-19 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ കെട്ടിടങ്ങൾ പ്രവർത്തിക്കുന്നത്-യഥാസമയം നടപടികൾ സ്വീകരിക്കുന്നില്ല |
| 1-20 | റോഡ് റീടാറിംഗ് പ്രവൃത്തികളിൽ ബാരൽവില ഈടാക്കിയത്-അതാത് ഫണ്ടുകളിൽ അടവാക്കിയിട്ടില്ല |
| 1-21 | റോഡ് റീടാറിംഗ് പ്രവൃത്തികൾ-ബാരൽ വില ഈടാക്കിയില്ല |
| 1-22 | സംയോജിത നെൽകൃഷി വികസനം ഉഴവ് കൂലി, ജൈവവളം വാങ്ങൽ-ഗുണഭോക്താക്കളിൽ നിന്നും ചെല് രേഖകൾ ലഭിച്ചിട്ടില്ല |
| 1-23 | ഇ-ടെണ്ടർ-ടെണ്ടർഫീസ് ഇനത്തിൽ ലഭിച്ച തുക പഞ്ചായത്ത് അക്കൗണ്ടിൽ ലഭിച്ചിട്ടില്ല |
| 1-24 | അഗതി രഹിത കേരളം പദ്ധതി-തുടർപ്രവർത്തനങ്ങൾ |

| | |
|---|---|
| | കാര്യക്ഷമമമാക്കേണ്ടതാണ് |
| 1-25 | കൊതുക്ജന്യ രോഗങ്ങൾ തടയുന്നതിനുള്ള പ്രോജക്ട്-ലക്ഷ്യം കൈവരിച്ചില്ല |
| 1-26 | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ |
| 1-27 | വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല |
| **ഭാഗം 2 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ ഇല്ല |
| **ഭാഗം 3 ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ചെലവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ ഇല്ല |
| **ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2018-19 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2019തീയതിയിൽ |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2018-19 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

# 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 27.2.19 തീയതിയിലെ 1(1)-ാം നം. തീരുമാനപ്രകാരം പുതുക്കി അംഗീകരിച്ചു. ബജറ്റ് ( വരവുചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | റിവൈസ്ഡ് ബജറ്റ് | യഥാർത്ഥം |
|---|---|---|---|
| മുന്നിരിപ്പ് | 2,52,34,731 | 1,31,34,989 | 1,31,34,989 |
| വരവ് | 24,43,59,000 | 13,77,34,000 | 12,21,13,798 |

| | | | |
|---|---|---|---|
| ആകെ | 26,95,93,731 | 15,08,68,989 | 13,52,48,787 |
| ചെലവ് | 26,17,34,000 | 14,03,03,964 | 8,35,25,305 |
| നീക്കിയിരിപ്പ് | 78,59,731 | 10565025 | 5,17,23,482 |

പ്രതീക്ഷിത ബജറ്റും യഥാർത്ഥ കണക്കുകളും തമ്മിൽ അന്തരം കാണുന്നു. പ്രതീക്ഷിത വാസ്തവികവും യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കിയതും ആയിരിക്കേണ്ട വരവുചെലവുകളിൽ ഇരട്ടിയിലധികം തുകയുടെ വ്യത്യാസം കാണുന്നു. നടപടിക്രമങ്ങൾ പൂർണ്ണമായി പാലിച്ച് യാഥാർത്ഥ്യബോധത്തോടെ ബജറ്റ് രൂപീ നിർവ്വഹിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 0 | 2,54,05,706 | 2,54,05,706 | 2,14,39,700 | 39,66,006 |
| വികസനഫണ്ട് എസ്.സി.പി. | | 0 | 70,55,000 | 70,55,000 | 35,88,350 | 34,66,650 |
| വികസനഫണ്ട് ടി.എസ്.പി. | | 0 | 6,77,000 | 6,77,000 | 6,07,330 | 69,670 |
| സംരക്ഷണഗ്രാന്റ് റോഡ് | | 0 | 84,74,000 | 84,74,000 | 70,53,779 | 14,20,221 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 0 | 57,27,000 | 57,27,000 | 44,38,355 | 12,88,645 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 1,16,06,000 | 1,16,06,000 | 1,12,27,741 | 3,78,259 |
| എം.ജി.എൻ.ആർ. ഇ.ജി.എസ്. | ഭരണച്ചെലവുകൾ | 58,040 | 2,66,198 | 3,24,238 | 29,118 | 2,95,120 |
| | ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 1,54,01,214 | 1,54,01,214 | 1,54,01,214 | 0 |
| | ആകെ | 58,040 | 1,56,67,412 | 1,57,25,452 | 1,54,30,332 | 2,95,120 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| പൈക്ക | | 69,000 | 0 | 69,000 | 0 | 69,000 |
| സമ്പൂർണ്ണ ശുചിത്വ യജ്ഞം | | 1,99,950 | 0 | 1,99,950 | 0 | 1,99,950 |
| ഐ.സി.ഡി.എസ് | | 14,42,134 | 8,93,719 | 23,35,853 | 3,48,211 | 19,87,642* |
| മറ്റ് കേന്ദ്ര ഗവ.ധനസഹായം (ബഡ്സ് സ്കൂൾ) | | 0 | 12,50,000 (നേരിട്ട് ട്രഷറി അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തത്) | 12,50,000 | 0 | 12,50,000 |
| പെർഫോർമൻസ് ഇൻസെന്റീവ് ഗ്രാന്റ് (സ്വച്ഛ് ഭാരത് മിഷൻ) | | 0 | 12,38,758 | 12,38,758 | 0 | 12,38,758 *** |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ശുചിത്വ മിഷൻ | | 6,53,800 | 2,30,000 | 8,83,800 | 7,65,000 | 1,18,800*** |
| ജലനിധി | | 38,57,380 | 15,53,160 | 54,10,540 | 13,50,492 | 40,60,048 |
| ദുരിതാശ്വാസ നിധി | | 20,864 | 80,568 | 1,01,432 | 1,00,500 | 932 |
| തനത് ഫണ്ട് | | | 4,37,12,825 | | 1,90,16,630 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | 1,67,05,123 | | 68,76,342 | |
| ബി ഫണ്ട് | | | | | | |
| വിധവകളുടെ മക്കളുടെ വിവാഹ ധനസഹായം | | 0 | 30,000 | 30,000 | 30,000 | 0 |
| നെൽകർഷകർക്ക് ഇൻസെന്റീവ് | | 0 | 89,000 | 89,000 | 89,000 | 0 |
| ബ്ലോക്ക് ഷെയർ | | 8,00,000 | 18,89,080 | 26,89,080 | 18,39,080 | 8,50,000** |
| ജില്ലാപഞ്ചായത്ത് | | 0 | 8,76,856 | 8,76,856 | 8,76,856 | 0 |

*പ്രോ.19/19 പ്രകാരം ന്യൂട്രീഷൻ പ്രോഗ്രാമിന് തൻ വർഷം 97,164 രൂപ ചെലവഴിച്ചത് (ചെക്ക് നം.2739288/25.5.18) ര
അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. യഥാർത്ഥ ബാലൻസ് 18,90,478 രൂപ(1987642- 97164)

**ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് ഇനത്തിൽ ലഭിച്ച 2 ലക്ഷം രൂപ (20/19)ചെലവഴിച്ചത് വാർഷിക കണക്കിൽ
വന്നിട്ടില്ല.

*** ബി 4, ഷെഡ്യൂളിലെ ശുചിത്വ മിഷൻ ഗ്രാന്റിലെ ബാലൻസ് പെർഫോർമൻസ് ഇൻസെന്റീവ് ഗ്രാന്റ്, ശുചിത്വ മ
എന്നിവയുടെ ബാലൻസിന്റെ ആകെത്തുകയാണ്.

**** ജലനിധി യഥാർത്ഥ വരവും ചെലവും ടയൽ ബാലൻസിലെ വരവു ചെലവുകളുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

# 1-3 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|
| 240 | 11,60,13,013 | 160 | 6,09,63,540 | 51 | 80 |

<u>വാർഷിക പദ്ധതി</u>

ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 15.02.2019 ലെ
നം.490/18/DPC/DPO/KTM പ്രകാരം അന്തിമാംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങ
ചേർക്കുന്നു.

| | |
|---|---|
| പദ്ധതി രൂപീകരണ ഗ്രാമസഭകൾ | 22.02.2018, 25.02.2018 |
| വികസനസെമിനാർ | 12.03.2018 |
| ഊരുകൂട്ടം | 26.02.2018 |
| ഭിന്നശേഷി ഗ്രാമസഭ | 26.02.2018 |

വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 11,60,13,013/- രൂപയും ആകെ ചെലവ് 6,09,63,540/- രൂപയുമാണ്. ചെല
52.5%. അംഗീകാരം ലഭിച്ച 240 പ്രോജക്ടുകളിൽ 161 എണ്ണം നടപ്പാക്കിയിട്ടുണ്ട്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ന
പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പദ്ധതികളുടെ എണ്ണം | നിർവ്വഹിച്ച പദ്ധതികളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| | കൃഷി ഓഫീസർ | 4 | 4 | 63,45,128 | 37,61,581 | 59.3 |
| | വെറ്ററിനറി സർജൻ | 6 | 6 | 40,40,000 | 27,05,000 | 66.95 |
| | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി. | 5 | 5 | 10,86,880 | 9,47,192 | 87.1 |
| | മെഡിക്കൽ ഓഫീസർ- ഹോമിയോ | 1 | 1 | 75,000 | 75,000 | 100 |
| | മെഡിക്കൽ ഓഫീസർ- ആയുർവേദം | 2 | 2 | 7,50,000 | 7,50,000 | 100 |
| | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 5 | 4 | 2,18,96,464 | 1,38,55,500 | 63.3 |

| | | | | | | |
|---|---|---|---|---|---|---|
| | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 6 | 5 | 73,25,060 | 36,02,460 | 49.2 |
| | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 6 | 5 | 55,60,100 | 45,74,661 | 82.3 |
| | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 38 | 17 | 1,10,92,602 | 36,72,693 | 33.1 |
| | ഹെഡ്മാസ്റ്റർ, ഗവ. യു.പി.എസ്. | 12 | 11 | 31,38,930 | 26,58,089 | 84.7 |
| | അസിസ്റ്റന്റ് എഞ്ചിനീയർ | 137 | 89 | 4,86,75,849 | 2,20,31,744 | 45.3 |
| | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 15,00,000 | 10,00,000 | 66.7 |
| | അസിസ്റ്റന്റ് സെക്രട്ടറി | 17 | 10 | 45,27,000 | 13,29,620 | 29.4 |
| **ആകെ** | | | | | | |

സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നീ നിർവ്വഹണ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിരുന്ന പ്രോജക്ടുകൾ കാര്യ നിർവ്വഹിച്ചിട്ടില്ലായെന്ന് ചെലവ് ശതമാനം വിശകലനം ചെയ്തതിൽ വ്യക്തമായിട്ടുണ്ട്. കൂടാതെ, അസിസ്റ്റന്റ് എഞ്ച പദ്ധതിചെലവ് 50%ൽ താഴെയാണ്. പദ്ധതി രൂപീകരണ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെങ്കിലും വർക്കിംഗ് ഗ്രൂ മോണിട്ടറിംഗ് സമിതികളുടെയും പ്രവർത്തനം തൃപ്തികരമല്ല. ലഭ്യമായ ഫണ്ടുകൾ പൂർണ്ണമായി വിനിയോഗിക്കുവാൻ കഴിയ മൂലം തൻ വർഷം പദ്ധതി നിർവ്വഹണത്തിന് ലഭിച്ച 1.05 കോടി രൂപ ലാപ്സായി. എല്ലാ വർക്കിങ്ങ് ഗ്രൂപ്പുകളും 2018-19 വ ഒരു തവണ മാത്രമേ യോഗം ചേർന്നിട്ടുള്ളൂ. സ്റ്റാന്റിംഗ്കമ്മിറ്റികൾ യോഗം ചേർന്ന് ബഡ്ജറ്റ് നിർദ്ദേശങ്ങളും പദ്ധതി നിർ തയ്യാറാക്കിയിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി മിനുട്സ് ബുക്ക് പരിശോധിച്ചതിൽ 7.3.2019 ലെ മിനുട്സ് അം ചേർത്തിട്ടുള്ളതായും 25.3.2019 ലെ മിനുട്സ് രേഖപ്പെടുത്തിയിട്ടില്ലാത്തതായും കാണുന്നു. മിനുട്സ് ബുക്കുകൾ അം സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല.

ബഡ്സ് സ്കൂളിന് അടിസ്ഥാന സൗകര്യങ്ങൾക്ക് 12,50,000 രൂപ ലഭിച്ചത് ബഡ്സ് സ്കൂൾ ആരംഭിച്ചിട്ടില്ലാ നാളിതുവരെ ചെലവഴിച്ചിട്ടില്ല. "പൈക്ക" ധനസഹായമായി ലഭിച്ച തുകയിൽ 69,000 രൂപ ചെലവ അവശേഷിക്കുന്നു.പെർഫോമൻസ് ഇൻസെന്റീവ് ഗ്രാന്റ് ഇനത്തിൽ ലഭിച്ച 12,38,758 രൂപയും ചെലവഴിച്ചിട്ടില്ല. പദ്ധതി പ്ര കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫ മോണിറ്റർ ചെയ്യേണ്ടതുമാണ്. മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണ നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇവ ഫലപ്രദമായി നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-4 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.8. പി.എം.-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 54,178/-രൂപ നീക്കിയിരിപ്പി ബോധ്യപ്പെട്ടു.

## 1-5 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും 2018-19 വർഷം പഞ്ചാ ആഭ്യന്തരനിയന്ത്രണസംവിധാനം പൊതുവെ തൃപ്തികരമല്ല. അക്കൗണ്ടിംഗ് സംവിധാനം തീരെ കാര്യക്ഷമമല്ലാത്തതിനാൽ കണക്കുകൾ തയ്യാറാക്കിയതിൽ നിരവധി അപാകതകൾ സംഭവിച്ചിട്ടുണ്ട്. തനത് ഫണ്ട് ചെലവുകൾ പലതും സുലേ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ഓഫീസ് ജോലിവിഭജന രേഖയുടെ അടിസ്ഥാനത്തിൽ എല്ലാ ജീവനക്കാരും കൃത്യന് നടത്തുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ക്രമമായി ബൈൻഡ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്. ഓഡിറ്റ് കാല രജിസ്റ്ററുകൾ യഥാവിധി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമായി പ്രവർത്ത തൻവർഷം വസ്തുനികുതി പിരിച്ചെടുക്കുന്നതിൽ കാര്യമായ പുരോഗതി കൈവരിച്ചിട്ടില്ല. സഞ്ചയ സോഫ്

നികുതിദായകരുടെ അപേക്ഷാനുസൃതമായി യഥാസമയം ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നില്ല. മേൽനോട്ടത്തിന്റെ അ
ഇതിൽ വ്യക്തമാകുന്നത്.

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 30.8.19 | 7/19 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.7.17 | 2012-13 - 2016-17 | LBA(HQ)/11/8A-2660/ 2017-18/73 |

## 1-7 വാർഷിക കണക്കുകളുടെ പരിശോധനയും വിശകലനവും

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1) RP40(b), B17 എന്നീ ഷെഡ്യൂളുകൾ പ്രകാരം PRSCB Pkd ownfund account-ൽ 721/- രൂപ ബ നിൽക്കുന്നു. എന്നാൽ ടി അക്കൗണ്ട് 19.05.14ൽ ക്ലോസ് ചെയ്തിട്ടുള്ളതിനാൽ ടി അക്ക യഥാർത്ഥത്തിൽ നീക്കിയിരിപ്പില്ല. ആയതിനാൽ 2018-19 വർഷത്തെ നീക്കിയിരുപ്പിൽ 72 കൂടുതൽ ബാലൻസ് നിൽക്കുന്നു.

2) RP40(b), B17 എന്നിവ പ്രകാരം PRSCB(Relief) അക്കൗണ്ടിൽ 3,068/- രൂപ ക്രെഡിറ്റ് ബ ആയി കാണുന്നു.

3) ആസ്തികൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും I-17(a) ഷെഡ്യൂളിലെ 272200101 ശീർഷ (Depreciation building) രേഖപ്പെടുത്തിയിരിക്കുന്ന 2,43,405/- രൂപയും ബി11 ഷെഡ്യൂളിൽ 4 (Accumulated depreciation-building) ശീർഷകത്തിൽ കണക്കാക്കിയിട്ടുള്ള ( പൊരുത്തപ്പെടുന്നില്ല. I-17(a) പ്രകാരം ഡിപ്രീസിയേഷൻ 2,43,405/- രൂപയാണ്. എന്നാ ഷെഡ്യൂൾ പ്രകാരം കണക്കാക്കിയ തുക 2,40,002/- രൂപയുമാണ്.

4) പഞ്ചായത്ത് നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി എൻകാഷ് ചെയ്യാത്ത ചുവടെ ചേർക്കുന്ന ചെക്കുകളുടെ തുക കാലാവധി കഴിഞ്ഞ ചെക്കുകൾ ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

<u>കാനറ ബാങ്ക്, തനത് ഫണ്ട്</u>

| ക്രമ നം. | ചെക്ക് നം./തീയതി | തുക |
|---|---|---|
| 1) | 663147/10.10.18 | 420 |
| 4) | 663227/25.12.18 | 1,500 |
| 6) | 663087/12.09.18 | 1,500 |
| 7) | 663252/09.10.18 | 1,875 |
| 10) | 666589/22.10.18 | 180 |

5) പ്രോജക്ട് നം.203/19, 204/19 പ്രകാരം സ്ട്രീറ്റ്ലൈൻ എക്സ്റ്റെൻഷനുവേണ്ടി കെ.എസ് യിൽ യഥാക്രമം 114006, 202466 എന്നിങ്ങനെ തുകകൾ ഡെപ്പോസിറ്റ് ചെയ്തിരുന്നത് വിന സാക്ഷ്യപത്രം ലഭിക്കുന്നതിനുമുൻപ് തന്നെ ചെലവായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയ ബി18 ഷെഡ്യൂളിൽ ടി തുകകൾ ഉൾപ്പെട്ടിട്ടില്ല.

6) ബി 4 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ബ്ലോക്ക് പഞ

വിഹിതം 10,50,000 രൂപ നീക്കിയിരുപ്പുള്ളതായി കാണുന്നു. എന്നാൽ യഥാർത്ഥ ബ
8,50,000 രൂപ മാത്രമാണ്. വ്യത്യാസത്തിന്റെ കാരണം വിശദീകരിച്ചിട്ടില്ല.
7) എം.ജി.എൻ.ആർ.ഇ.ജി.എസ്.ന്റെ ഇ.എഫ്.എം.എസ് വരവിനത്തിലെ 1,54,01,214 (
ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.
8) ചുവടെ ചേർക്കുന്ന ക്ഷേമപെൻഷൻ വരവു തുകകൾ -6 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

| ക്ഷേമപെൻഷൻ | തുക |
|---|---|
| വിധവകളുടെ മക്കളുടെ വിവാഹ ധനസഹായം | 30,000 |
| കർഷകതൊഴിലാളി പെൻഷൻ | 1,19,59,400 |
| വിധവാപെൻഷൻ | 1,44,32,100 |
| വാർദ്ധക്യകാലപെൻഷൻ | 3,84,47,400 |
| വികലാംഗപെൻഷൻ | 48,97,400 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 6,19,600 |
| വിധവകളുടെ മക്കളുടെ വിവാഹധനസഹായം | 30,000 |
| നെൽകർഷകർക്ക് ഇൻസെന്റീവ് | 89,000 |

9) മറ്റു വരവുകളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ I-4(b) പ്രകാരമുള്ള തുക
കൃത്യത വ്യക്തമല്ല.
10) സാംഖ്യ, സഞ്ചയ എന്നിവ പ്രകാരമുള്ള വസ്തുനികുതി കളക്ഷൻ, ബാലൻസ് (
പൊരുത്തപ്പെടുന്നില്ല. I-1 ഷെഡ്യൂൾ പ്രകാരമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിട
വസ്തുനികുതി ഡിമാന്റ് സഞ്ചയ പ്രകാരമുള്ള ഡിമാന്റുമായി പൊരുത്തപ്പെടുന്നില്ല.
11) ജീവനക്കാരുടെ തൊഴിൽനികുതി I-1, RP-1 എന്നീ ഷെഡ്യൂളുകളിലെ തുകയും (
പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയും പൊരുത്തപ്പെടുന്നില്ല.
12) സ്ഥാപനങ്ങളുടെ തൊഴിൽനികുതിയുടെ ഡി.സി.ബി. തയ്യാറാക്കിയിട്ടില്ലാത്ത
വാർഷിക ധനകാര്യപത്രികയിലെ ടിയിനത്തിലുള്ള തുകയുടെ കൃത്യത വ്യക്തമല്ല.
13) ഡെപ്പോസിറ്റ് രജിസ്റ്ററിൽ മുൻബാക്കിയുൾപ്പെടെയുള്ള വിവ
രേഖപ്പെടുത്താത്തതിനാൽ ബി-8 ഷെഡ്യൂളിലെ തുകയുടെ കൃത്യത വ്യക്തമല്ല.
14) ബി-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന 975013 (ശീർഷകം 350800299), 18600 (35
53762(350300199) എന്നീ തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല.
15) തൻവർഷ കുടിശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്ക
തൻവർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
16) 26.07.11ലെ ജി.ഒ.(എം.എസ്.)152/11/തസ്വഭവ ഉത്തരവിലെ നിർദ്ദേശങ്ങൾ
പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തുന്ന നടപടി പൂർത്തിയായിട്ടില്ല.
17) വിവിധ പ്രോജക്ടുകൾക്ക് ചെലവഴിച്ച 7.6 ലക്ഷം രൂപയുടെ വിവരം ചെലവ് പത്രി
ചേർത്തിട്ടില്ല.

## 1-8 വിവിധ ഫണ്ടുകളിലായി സർക്കാർ ധനസഹായം ഇനത്തിൽ ലഭ തുകയിൽ 1.05 കോടി രൂപ ലാപ്സായി

തൻവർഷം വിവിധ ഫണ്ടുകളിലായി സർക്കാർ ധനസഹായം ഇനത്തിൽ ലഭിച്ച തുകയിൽ ചെലവഴിക്കാതെ അ
1,05,89,451 രൂപ വർഷാവസാനം സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. ഇതിൽ സ്പിൽഓവർ പ്രോജക്ടുകൾക്ക
വിഹിതം തുടർവർഷത്തിൽ ലഭിക്കാത്തതിനാൽ മുഴുവൻ തുകയും ആത്യന്തികമായി നഷ്ടമായി. പഞ്ചായത്തിന

മേഖലകളുടെ വികസനത്തിന് ഉതകുമായിരുന്ന ടി തുക പാഴാക്കിയത് നിർവ്വഹണ ഉദ്യോഗസ്ഥരുടെയും ഭരണസമി ഭാഗത്തുനിന്നുള്ള വീഴ്ചയായി കണക്കാക്കുന്നു. നഷ്ടമായ തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | നഷ്ടമായ തുക |
|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 39,66,006 |
| വികസനഫണ്ട് പട്ടികജാതിവിഭാഗം | 34,66,650 |
| വികസനഫണ്ട് പട്ടികവർഗ്ഗ വിഭാഗം | 69,670 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 14,20,221 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 12,88,645 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3,78,259 |
| **ആകെ** | **1,05,89,451** |

ഭാവിയിൽ വിനിയോഗ ലക്ഷ്യം കൈവരിച്ച് ഇപ്രകാരം തുക നഷ്ടപ്പെടുന്നത് പരമാവധി ഒഴിവാക്കുന്നതിന് ക്രിയ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-9 പൂവന്തുരുത്ത് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ സ്ഥാപനങ്ങളിൽ ന നികുതികൾ ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പൂവന്തുരുത്തിൽ സ്ഥിതി ചെയ്യുന്ന ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലുള്ള കെട്ടിടങ്ങളിൽ നിന്ന് വ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി, സംരംഭക പ്രവർത്തനങ്ങൾക്കുള്ള ലൈസൻസ് ഫീസ് എന്നിവ ത ഈടാക്കിയിട്ടില്ല. ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും കൃത്യമായി എത്ര സ്ഥ ഉണ്ടെന്ന വിവരം പഞ്ചായത്തിൽ ലഭ്യമല്ല. വേമ്പനാട് കെമിക്കൽസിന്റെ 4 സ്ഥാപനങ്ങളും ഓറിയന്റൽ മാനവർ സ്ഥാപനങ്ങളും മാത്രമാണ് 18-19ൽ ലൈസൻസും വസ്തുനികുതിയും ഒടുക്കിയിട്ടുള്ളത്. ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പ്ര വിവിധങ്ങളായ സ്ഥാപനങ്ങളിൽ നിന്ന് നികുതി/നികുതിയേതര ഇനങ്ങളിൽ നിയമാനുസൃതം തുക പിരിക്കുന്നതിനുള്ള അനന്തമായി നീളുന്ന നിയമനടപടികളും ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക താൽപ്പര്യത്തിന് വിരുദ്ധമായി ഗ്രാമപഞ്ചായത്ത് ഇക്കാര്യത്തിൽ ഫലപ്രദമായി ഇടപെട്ട് ഇക്കാര്യത്തിൽ നിലനിൽക്കുന്ന അനിശ്ചിതാവസ്ഥ ശ പരിഹരിക്കേണ്ടതാണ്. വസ്തുനികുതി നിർണ്ണയിക്കുന്നതിന് പഞ്ചായത്ത് നടപടി ആരംഭിച്ചപ്പോൾ ഇൻഡസ്ട്രിയൽ വ്യാപാരികൾ പഞ്ചായത്തിന്റെ നടപടിക്കെതിരെ കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. കേസിലെ അന്തിമവിധിക തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# 1-10 വസ്തുനികുതി- പ്യൂരിഫിക്കേഷൻ നടപടികൾ ഫലപ്രദമായില്ല

ഗ്രാമപഞ്ചായത്തിൽ വസ്തുനികുതിയുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങള ഉറപ്പുവരുത്തുന്ന പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കേണ്ട കാലയളവ് കഴിഞ്ഞിട്ടും നിരവധി അ അവശേഷിക്കുന്നു. സഞ്ചയയിൽ നിന്നും ജനറേറ്റ് ചെയ്ത് ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ആകെയുള്ള 14662 കെട്ടിട കെട്ടിടങ്ങളുടെ പ്യൂരിഫിക്കേഷൻ മാത്രമെ പൂർത്തിയാക്കാനുള്ളു എന്നാണ് കാണുന്നത്. ഇപ്രകാരം ആകെയുള്ള കെ 98.70% കെട്ടിടങ്ങളുടെയും നികുതിനിർണ്ണയത്തിലെ അപാകതകൾ പരിഹരിച്ചിട്ടുണ്ടെന്നുള്ള റിപ്പോർട്ട് വസ്തുതാപരമായ എന്ന് ഓഡിറ്റ് നടത്തിയ വിലയിരുത്തലിലും പരിശോധനയിലും വ്യക്തമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) വിദ്യാഭ്യാസാവശ്യത്തിനുള്ള കെട്ടിടത്തെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നികുതി, ഉപനികുതി ഒഴിവാക്കിയ കെട്ടിട ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഉദാഹരണം 16-ാം വാർഡിൽ 350 -ാം നമ്പർ മുതൽ 357 -ാം നമ്പർ വരെ കെട്ടിടം.

2) കുടിശ്ശിക ഈടാക്കാതെ തൻവർഷത്തെ നികുതി ഈടാക്കിയതായി സഞ്ചയയിൽ കാണുന്നു. ഉദാഹരണത്തിന് 13/45 എന്നീ കെട്ടിടങ്ങളുടെ 2013, 2014 വർഷങ്ങളിലെ നികുതി സഞ്ചയ പ്രകാരം കുടിശ്ശികയാണ്. വിശദീകരണം ലഭ്യമാക്കാന നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.17) മറുപടിയിൽ ഈ കെട്ടിടങ്ങളുടെ നികുതി ഈടാക്കിയിട്ടുള്ളതായും ടി സഞ്ചയയിൽ പോസ്റ്റ് ചെയ്യാത്തതിനാലാണ് കുടിശ്ശികയായി നിൽക്കുന്നതെന്നും വ്യക്തമാക്കിയിട്ടുണ്ട്.

3) മുൻവർഷങ്ങളിൽ പൊളിച്ചുകളഞ്ഞ കെട്ടിടങ്ങൾക്ക് നിലവിലും സഞ്ചയയിൽ ഡിമാന്റ് കാണിക്കുന്നു. പൊളിച്ചുകള 23.11.2016 ൽ ഉടമസ്ഥൻ അപേക്ഷ നൽകിയ 3/224-ാം നം. കെട്ടിടത്തിന് നിലവിൽ സഞ്ചയയിൽ ഡിമാന്റുണ്ട്.

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വിശദീകരണം പ്രകാരം മുൻവർഷങ്ങളിൽ പൊളിച്ചുകളയുന്നതിന് ലഭിച്ച അപേക്ഷ തുടർനടപടികൾ സ്വീകരിക്കാതിരുന്നതിനാൽ നിലവിലും സഞ്ചയയിൽ ഡിമാന്റ് കാണിക്കുന്നുണ്ടെന്നും കുടിശ്ശികയുള പൊളിച്ചുകളഞ്ഞതായി നിലവിൽ സഞ്ചയയിൽ കാണിക്കാൻ സാധിക്കാത്തതിനാൽ നികുതി കുടിശ്ശിക യഥാർത്ഥത്തി കൂടുതൽ സഞ്ചയയിൽ പ്രതിഫലിക്കുന്നുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്.

4) വിമുക്തഭടന്മാരുടെ വാസഗൃഹം എന്ന നിലയിൽ തൻവർഷം നികുതിയിളവ് നൽകിയ കെട്ടിടത്തിന് (തറവ 170ച.മീ)സഞ്ചയയിൽ കുടിശ്ശിക കാണുന്നു. ഉദാഹരണം 16/137-ാം നം. കെട്ടിടം. വിമുക്തഭടന്മാർ നികുതിയിളവിനായി അപേക്ഷകളിൽ മുൻവർഷങ്ങളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കാത്തതിനാൽ പലർക്കും ഈ ആനുകൂല്യം ന അവസ്ഥയാണുള്ളതെന്നും സമയബന്ധിതമായി അപേക്ഷ സമർപ്പിച്ചവർ കുടിശ്ശിക ഒടുക്കാൻ തയ്യാറല്ലെന്നും എൻക്വയറിക്കുള്ള മറുപടിയിൽ സെക്രട്ടറി വിശദീകരിച്ചിട്ടുണ്ട്. ഇതും ഡിമാന്റ് തെറ്റായി കാണിക്കാൻ കാരണമാകുന്നു.

5) കെട്ടിടങ്ങൾക്ക് വസ്തുനികുതി അടച്ച കാലയളവിലെ കുടിശ്ശിക ഡിമാന്റ് നോട്ടീസ് തെറ്റായ രീതിയിൽ നൽ ഉദാഹരണം.19/414 ബി നം. കെട്ടിടത്തിന്റെ 2017-18 വർഷത്തെ നികുതി 16.6.2017 ന് അടച്ചതിന് ശേഷം 2018- കുടിശ്ശികഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. ഇത് പ്യൂരിഫിക്കേഷൻ നടപടികളുടെ അപര്യാപ്തത വെളിവാക്കുന്നു.

6) 23 വാർഡുകളുള്ള ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 7 മൊബൈൽ ടവറുകളുടെ വിവരം മാത്രമാണ് സഞ്ചയയിലുള്ളത്. വ നിർണ്ണയിച്ചിട്ടില്ലാത്ത ഒരു മൊബൈൽ ടവർ ഉള്ളതായി 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ട വിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. എല്ലാ വാർഡുകളിലും പരിശോധ അനധികൃതമായി മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതും പരിശോധനാ പരിഹാരനടപടികളുടെ റിപ്പോർട്ടും ലഭ്യമാക്കേണ്ടതുമാണ്.

7) മൈക്രോ സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്മെന്റ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായയൂ കെട്ടിടങ്ങൾ എന്ന ഉപയോഗക്രമത്തിൽ മൂന്ന് കെട്ടിടങ്ങളെ (കെട്ടിട നം.1/192, 21/688(87), 22/469) ഉൾപ്പെടുത്തിയിട്ടുണ 24.02.2015 ലെ സ.ഉ.(അച്ചടി) നം.36/2015/തസ്വഭവയിൽ പരാമർശിച്ചിട്ടുള്ള 4 വിഭാഗം കെട്ടിടങ്ങളുടെ (സ്വകാര്യ ഹോംസ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിലെ ഓഡിറ്റോറിയം, ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ)നിക പഞ്ചായത്തിൽ നിശ്ചയിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിഭാഗത്തിലുള്ള കെട്ടിടങ്ങളു നിശ്ചയിച്ച് പരസ്യപ്പെടുത്തി അന്തിമമായി വിജ്ഞാപനം ചെയ്താൽ മാത്രമെ ടി വിഭാഗം കെട്ടിടങ്ങളുടെ നികുതി നിയ ഈടാക്കാൻ സാധിക്കൂ. ഇക്കാര്യത്തിൽ പരിഹാരനടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-11 വസ്തുനികുതി നിർണ്ണയത്തിൽ അപാകതകൾ

2018-19 വർഷം വസ്തുനികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ നികുതിനിർണയവുമായി ബന്ധപ്പെട്ട ഫയൽ പരിശേ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 3(5) പ്ര കെട്ടിടത്തിന്റെ വ്യത്യസ്തഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ്ര ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ന നൽകേണ്ടതും ഓരോ കെട്ടിടഭാഗത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തുനികുതി ചുമത്തേണ്ടതുമാണ് എന്ന് വ്യക്തമാ എന്നാൽ പഞ്ചായത്തിൽ ഒരേ ഉപയോഗക്രമത്തിൽപ്പെടുന്ന (വാണിജ്യാവശ്യം) കെട്ടിടത്തിനെ വേറെ വേറെ കെട്ട കണക്കാക്കി 100 ച.മീറ്ററിൽ താഴെയുള്ള കെട്ടിടത്തിന്റെ നികുതിനിരക്ക ചുമത്തി നികുതി നിർണ്ണയിച്ചിരിക്കുന്നു.

എ) ഗ്രാമപഞ്ചായത്തിലെ 17-ാം വാർഡിൽ കൃഷ്ണൻകുട്ടി എന്നയാളിന്റെ ഉടമസ്ഥതയിലുള്ള 106.20 ച.മീറ്റർ തറവിസ്ത വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് (കെട്ടിട നം.341എഫ് മുതൽ എൽ വരെ)വാണിജ്യാവശ്യത്തിനുള്ള 100 ച. തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ നികുതിനിരക്ക് (30 രൂപ) ചുമത്തി 2018-19 ഒന്നാം അർദ്ധവർഷം മുതൽ നിർണ്ണയിച്ചിരിക്കുന്നു. വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ നിക ച.മീറ്ററിന് 50 രൂപയാണ്. ഇപ്രകാരം നികുതിനിർണ്ണയം നടത്തിയതിനാൽ അടിസ്ഥാന നികുതിയിൽ മാത്രം 2,124 രൂപ വരുന്നു.

ബി) 19-ാം വാർഡിൽ ഷീല പി.എൻ. എന്നയാളിന്റെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 2018 അർദ്ധവർഷം മുതൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്. സഞ്ചയ മുഖേന നികുതി നിർണയം പരിശോധിച്ചതിൽ 527.228 ച.മീ എ മുതൽ ജി വരെയുള്ള കെട്ടിടനമ്പരുകൾ നൽകി ച.മീറ്ററിന് 30/- രൂപ, 50/- രൂപ എന്നീ വ്യത്യസ്ത നികുതി നിര നികുതി നിർണ്ണയിച്ചിട്ടുണ്ട്. 151.54 ച.മീറ്റർ 30 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. അടിസ്ഥാന വസ്തുന് മാത്രം 3,031 രൂപയുടെ കുറവ് ഉണ്ടാകുന്നു.

വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.5) മറുപടിയിൽ വേറെ വേറെ നമ്പ തറവിസ്തീർണ്ണം കുറവായതിനാലാണ് കുറഞ്ഞ നിരക്ക ചുമത്തി നികുതി നിർണ്ണയിച്ചതെന്നറിയിട്ടുണ്ട്. പ്രത്യക കെട്ടിട നൽകാൻ മേൽ ചട്ടങ്ങളിലെ ചട്ടം 3(4) പ്രകാരം തക്കതായ കാരണങ്ങളുണ്ടോയെന്ന് പരിശോധിച്ച് ബോദ്ധ്യ അല്ലാത്തപക്ഷം നികുതി പുനർനിർണ്ണയം നടത്തി കുടിശ്ശിക നികുതി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ

2) ചുവടെ ചേർക്കുന്ന കെട്ടിടങ്ങളുടെ നികുതിനിർണ്ണയം നട്ത്തിയ തറവിസ്തീർണ്ണവും കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള തറവി വ്യത്യാസപ്പെട്ടിരിക്കുന്നു.

എ) ഏഴാം വാർഡിൽ മുഹമ്മദ് ഹാഫിസ് എന്നയാളിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ (133 എ മുതൽ എം വ ച.മീറ്ററിന് 2018-19 ഒന്നാം അർദ്ധവർഷം മുതൽ നികുതി നിർണയിച്ചിട്ടുണ്ട്. എന്നാൽ ഫയലിൽ ലഭ്യമാക്കിയ റിപ്പോർട്ട്, കംപ്ലീഷൻ പ്ലാൻ എന്നിവ പ്രകാരം കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 499.49 ച.മീറ്ററാണ്.

ബി) രണ്ടാം വാർഡിൽ സജീവ് സക്കറിയ എന്നയാളിന്റെ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ 301.4 തറവിസ്തീർണ്ണത്തിന് 2018-19 രണ്ടാം അർദ്ധവർഷം മുതൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എൻ റിപ്പോർട്ട്, കംപ്ലീഷൻ പ്ലാൻ എന്നിവ പ്രകാരം കെട്ടിടത്തിന്റെ വാണിജ്യാവശ്യത്തിനുള്ള തറവിസ്തീർണം 326.17 ച.മീറ്ററാ

സി) 19-ാം വാർഡിൽ ഷീല പി.എൻ. എന്നയാളിന്റെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 2018 അർദ്ധവർഷം മുതൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്. സഞ്ചയ മുഖേന നികുതി നിർണയം പരിശോധിച്ചതിൽ 527.228 ച.മീ എ മുതൽ ജി വരെയുള്ള കെട്ടിടനമ്പരുകൾ നൽകി നികുതി നിർണ്ണയിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ, എൻജിനീയറുടെ റിപ്പോർട്ട് എന്നിവ പ്രകാരം കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായ തറവിസ്തീർണ്ണം 578.32 ച നിർമ്മാണം പൂർത്തിയായ തറവിസ്തീർണ്ണത്തിന് പൂർണ്ണമായി നികുതി ചുമത്താത്തതിന്റെ കാരണം വ്യക്തമല്ല.

വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ന്ലകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ സ്റ്റെയർകെയ്സ്, എന്നിവയുടെ തറവിസ്തീർണ്ണം ഒഴിവാക്കിയാണ് നമ്പർ നൽകിയത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചാ (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം വസ്തുനികുതിയിൽ ഉൾപ്പെടുത്തേണ തറവിസ്തീർണ്ണത്തിൽ സ്റ്റെയർകെയ്സ്, ടോയ്ലെറ്റ് എന്നിവ ഉൾപ്പെടുന്നില്ല. പൂർത്തീകരണ പ്ലാനിന്റെ അടിസ്ഥ പൂർത്തിയായ തറവിസ്തീർണ്ണം കണക്കാക്കാതെ ഉപയോഗക്രമത്തിന് അനുസൃതമായ നിരക്കിൽ വസ്തുനികുതി പുനർന വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-12 തൊഴിൽനികുതി-അസസ്മെന്റ്/ഈടാക്കൽ നടപടികളിൽ അപാകത

പനച്ചിക്കാട് ഗ്രാമപഞ്ചായത്തിലെ തൊഴിൽനികുതി അസസ്മെന്റ്/ഈ നടപടിക്രമങ്ങളിൽ നിലനിൽക്കുന്ന അപാകത മൂലവും ഇത് സംബന്ധമായ നി സംവിധാനത്തിലെ അപര്യാപ്തത മൂലവും നികുതിയുടെ പരിധിയിൽ സ്ഥാപനങ്ങൾ/വ്യാപാരികൾ, സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, പ്രൊഫഷണ ജീവനക്കാർ, തൊഴിലുടമകൾ എന്നീ വിഭാഗത്തിൽ ഉൾപ്പെട്ടവർ പൂർണ്ണ അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായ നികുതിയ്ക്ക് വിധേയരാകുന്നു ഉറപ്പ് വരുത്താൻ സാധിക്കുന്നില്ല.

### എ) <u>നികുതി ഈടാക്കിയതിൽ വ്യക്തമായ നഷ്ടം</u>

തൊഴിൽനികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട അർദ്ധവാർഷിക വരുമാന പത്ര പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ കുറഞ്ഞ നിരക്കിൽ ഈടാക്കിയതായി കാണുന്നു.

| സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര് | അർദ്ധ വർഷം | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയത് | ക |
|---|---|---|---|---|---|---|
| എസ്.ബി.ഐ., പൂവന്തുരുത്ത് | സുരേഷ്ബാബു | 2 | 1,70,026 | 1,250 | 1,000 | 2: |
| | | 2 | 1,17,960 | 1,000 | 750 | 2: |

| | | | | | | |
|---|---|---|---|---|---|---|
| എസ്.ബി.ഐ., പൂവന്തുരുത്ത് | ഷൈജു എസ്. | | | | | |
| ആകെ | | | | | | 5( |

പഞ്ചായത്തിൽ ലഭിക്കുന്ന വരുമാനപത്രികകൾ കൃത്യമായി പരി വിധേയമാക്കുന്നില്ലെന്ന് ഓഡിറ്റിൽ വ്യക്തമാകുന്നു. കുറവ് വന്ന തുകകൾ ഇ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം പരിഹരിക്കേണ്ടതാണ്.

**ബി) <u>സെന്റ് ഗിറ്റ്സ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് -വരുമാന പത്രികകൾ</u> <u>ഹാജരാക്കിയത്-യഥാസമയം നടപടികൾ സ്വീകരിച്ചില്ല</u>**

സെന്റ് ഗിറ്റ്സ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പാത്താമുട്ടം എന്ന സ്ഥാപന ജീവനക്കാരുടെ ഒന്നാം അർദ്ധവർഷത്തെ തൊഴിൽനികുതി സ്റ്റേറ്റുമെ പരിശോധിച്ചതിൽ അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി തൊഴിൽ ഈടാക്കാതിരുന്നതുമൂലം 5,900 രൂപയുടെ കുറവ് വന്നതായി പരിശോധനയിൽ കാ ഈ വിഷയം ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.4 പ്രകാരം സെക്രട്ട ശ്രദ്ധയിൽപ്പെടുത്തുകയും വിവരം സ്ഥാപനത്തെ അറിയിച്ച് മറുപടി ലഭ്യമാക ചെയ്തു. ടി മറുപടിയിൽ മുമ്പ് സമർപ്പിച്ച തൊഴിൽനികുതി സംബന്ധിച്ച പത്രി തെറ്റായി അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്തിയത് മൂലമാണ് ഇ സംഭവിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. ഒരു അർദ്ധവർഷത്തേയ്ക്ക് ഹാജര അർദ്ധവാർഷിക വരുമാന പത്രികയിൽ വെളിപ്പെടുത്തിയിരുന്ന വരുമാനം യഥാർത്ഥ കൂടുതലായിരുന്നുവെന്ന വിശദീകരണം പ്രഥമദൃഷ്ട്യാ ബോദ്ധ്യപ്പെട്ടിട്ടുണ്ട ഇക്കാര്യത്തിൽ യഥാസമയം നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച ഉണ്ടായ ഹാജരാക്കുന്ന തൊഴിൽനികുതി സംബന്ധിച്ച പത്രികകളിലെ അർദ്ധവാർഷിക വരുമാ ആനുപാതികമായാണോ തൊഴിൽനികുതി ഒടുക്കുന്നതെന്ന് ബന്ധപ്പെട്ട സെക്ഷനും മേ ചുമതലയുള്ള ഉദ്യോഗസ്ഥരും പരിശോധിച്ച് ഉറപ്പ് വരുത്താത്തതാണ് അപാകതകൾക്ക് കാരണം. ഇതുമൂലം സ്ഥാപനത്തിന് നഷ്ടം സംഭവിക്കുവാനുള്ള നിലനിൽക്കുന്നു. ഭാവിയിൽ ഇത് സംബന്ധമായ നിയന്ത്രണ സംവിധാനവും മേ സംവിധാനവും കാര്യക്ഷമമാക്കി ഇപ്രകാരമുള്ള നഷ്ടസാധ്യത ഒഴിവാക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2018-19 വർഷം തൊഴിൽ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|
| വിവേകാനന്ദ പബ്ലിക് സ്കൂൾ, ചാന്നാനിക്കാട് | 1& 2 |
| ജെ.എം.കെ ഫിനാൻസ്, പരുത്തുംപാറ | 1 |
| മന്നം മെമ്മോറിയൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ | 1 |
| ബെസ്റ്റ് പ്ളൈ ആന്റ് വീനേഴ്സ് | 1& 2 |
| ഫൈൻ പ്ളൈ ആന്റ് വീനേഴ്സ് | 1& 2 |
| പനച്ചിക്കാട് ക്ഷീരോത്പാദക സഹകരണസംഘം | 1& 2 |
| മൗണ്ട് സഹ്യ, ചാന്നാനിക്കാട് | 1& 2 |
| കിഴക്കേതിൽ സ്റ്റീൽസ് പ്രൈവറ്റ് ലിമിറ്റഡ് | 1& 2 |
| കിഴക്കേതിൽ സ്റ്റീൽ റോളിംഗ് മിൽസ് | 1& 2 |
| പാത്താമുട്ടം ക്ഷീരോത്പാദക സഹകരണസംഘം | 1& 2 |
| എസ് ജെ ഹോളോബ്രിക്സ് | 1& 2 |
| പുരുഷൻ വൈദ്യർ ഹെർബൽ ഹെറിറ്റേജ് | 1& 2 |
| ആയുർവേദസ്ഥാൻ | 1& 2 |

| | |
|---|---|
| അഗ്രിബയോകെയർ | 1& 2 |
| എവറസ്റ്റ് ലാഡേഴ്സ് | 2 |

തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ 4/31.8.19 നമ്പ എൻക്വയറിയുടെ മറുപടിയിൽ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ട നടപടികൾ സ്വീകരിച്ച് തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമക്കേണ്ടതാണ്.

## 1-14 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും ലൈസൻസ് നല്കൽ

